"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മലപ്പുറം ജില്ല -പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്- പൊളിച്ചുമാറ്റുവാൻ തീരുമാനിച്ചിട്ടുള്ള പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തോടനുബന്ധിച്ച് നിർമ്മിച്ചിട്ടുള്ള ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞ കെട്ടിടം കൂടി പൊളിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.619/2024/LSGD തീയതി,തിരുവനന്തപുരം, 15-03-2024

പരാമർശം:-

1. പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27/01/2o22 തീയതിയിലെ 6 (1) നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടറുടെ 07/07/2022 ലെ PAN/2650/2022-C6(DP) നമ്പർ കത്ത്.
3. ചീഫ് ടൗൺ പ്ളാനറുടെ 05/10/2022ലെ CPCTP/1931/2022-C2 നം. കത്ത്.
4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ്എഞ്ചിനീയറുടെ 11/03/2023 ലെ LIDEW/737/2022-DB3/CE/LSGD നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ബലക്ഷയം വന്നതിനാൽ പൊളിച്ച് പ്രസ്തുത സ്ഥാനത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം പാണ്ടിക്കാട് പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈക്കൊണ്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം (നമ്പർ 18/1139, 1140, 1141, 1142, 1143) പൊളിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ട് എന്നും ഇതിന്റെ തൊട്ടടുത്തുള്ള ഗ്രാമപഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലും അധീനതയിലുമുള്ള പിപി 18/1147, 1148, 1149 നമ്പറിലുള്ള ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞ കെട്ടിടം പൊളിച്ച് മാറ്റാതെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കുകയില്ല എന്നും എന്നാൽ പ്രസ്തുത കെട്ടിടത്തിന് കാലപ്പഴക്കം അധികമില്ലാത്തതിനാൽ അൺഫിറ്റ് സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും ആയതുകൊണ്ട് അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമായില്ല എന്ന കാരണം മാപ്പാക്കികൊണ്ട് ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ ടി കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള അനുമതിക്കായി, ടി കെട്ടിടത്തിന്റെ മൂല്യനിർണ്ണയവും സർവ്വേ റിപ്പോർട്ടും ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ കെട്ടിടത്തിന്റെ ലൈഫ് സ്പാനും മറ്റും കണക്കിലെടുത്തുകൊണ്ട് ഫിറ്റായ കെട്ടിടം പൊളിക്കുന്നതുമായി ബന്ധപ്പെട്ട് തസ്വഭവ(എഞ്ചിനീയറിംഗ്) വിംഗിന്റെ അഭിപ്രായം കൂടി ആരാഞ്ഞ് നടപടി സ്വീകരിക്കാമെന്ന് പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ളാനർ അറിയിച്ചിരുന്നു.

2. പഞ്ചായത്തിന്റെ പഴയ ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് 2009-2010 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട് നിർമ്മിച്ച 18/1147, 1148, 1149 നമ്പറിലുള്ളതും ഷീറ്റ് മേഞ്ഞതും, അൺഫിറ്റ് സാക്ഷ്യപത്രം അനുവദിക്കാനുള്ള, പഴക്കമില്ലാത്തതുമായ കടമുറികൾ പൊളിച്ച് നീക്കിയെങ്കിൽ മാത്രമേ പുതിയ മൾട്ടി സ്റ്റോറീഡ് ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരിക്കാൻ കഴിയൂ എന്നും നിലവിൽ ടി കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതും ജീർണ്ണാവസ്ഥയിലുള്ള പഴയ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കാത്തതുമാണ് എന്നും നിലവിലുള്ള കെട്ടിടം ലൈറ്റ് റൂഫിംഗിന് അനുസൃതമായി ഡിസൈൻ ചെയ്തിരിക്കുന്നതിനാൽ ടി കെട്ടിടത്തിന്റെ മുകളിൽ പുതിയ നിർമ്മാണം സാധ്യവുമല്ല എന്നും

മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിനായി, നിലവിലുള്ള നമ്പർ 18/1147 -പ്ലിന്ത് ഏരിയ 66 m2, 18/1148 പ്ലിന്ത് ഏരിയ 16 m2, 18/1149പ്ലിന്ത് ഏരിയ 36 m2, എന്നീ കടമുറികൾ അടങ്ങിയ ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി ലഭ്യമാക്കാവുന്നതാണ് എന്ന് പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും വ്യക്തമാക്കിയിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിനായി, നിലവിലുള്ള പഴയ ഷോപ്പിംഗ് കോംപ്ലക്സ് നമ്പർ 18/1139, 1140, 1141, 1142, 1143 കെട്ടിടത്തോടൊപ്പം ആയതിനോട് ചേർന്നുള്ള 18/1147, 1148,1149 നം. ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ കെട്ടിടവും പൊളിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ,തിരുവനന്തപുരം.
2. ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം.
3. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
5. സെക്രട്ടറി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്.
6.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Suja S K
Date: 16-03-2024 13:51:26
സെക്ഷൻ ഓഫീസർ